**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3306** **11-03-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ക്ഷേമനിധി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ വകുപ്പിന്റെ വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നായി വാമനപുരം മണ്ഡലത്തിൽ എത്ര പേർക്ക് ക്ഷേമനിധി പെൻഷൻ ലഭിക്കുന്നുണ്ടെന്നും അതിന് ചെലവാക്കുന്ന തുക എത്രയെന്നും ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ഇനം തിരിച്ച് നൽകാമോ? | (എ) | തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്നായി വാമനപുരം മണ്ഡലത്തിൽ 1626 പേർക്ക് ക്ഷേമനിധി പെൻഷനായി ആകെ 2747805 രൂപ ചെലവാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തടിസ്ഥാനത്തിലെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1. .കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വാമനപുരം മണ്ഡലത്തിൽ ഉൾപ്പെട്ട ആനാട് ഗ്രാമപഞ്ചായത്തിലെ 3 പേർക്ക് ആകെ 11,400/- രൂപ പ്രതിമാസം പെൻഷനിനത്തിൽ അനുവദിച്ചു വരുന്നു.

### 2.കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

### 3.കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ വാമനപുരം മണ്ഡലത്തിൽ ക്ഷേമനിധി പെൻഷൻ ലഭിക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | പെൻഷണറുടെ എണ്ണം | തുക |
|---|---|---|
| ആനാട് | 7 | 11200 |
| കല്ലറ | 21 | 33600 |
| നന്ദിയോട് | 6 | 9600 |
| നെല്ലനാട് | 15 | 24000 |
| പനവൂർ | 10 | 16000 |
| പാങ്ങോട് | 5 | 8000 |
| പെരിങ്ങമ്മല | 10 | 16000 |
| പുല്ലമ്പാറ | 23 | 36800 |
| വാമനപുരം | 16 | 25600 |
| **ആകെ** | **113** | **180800** |

### 4.കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമ നിധിബോർഡിൽ നിന്നും പെൻഷൻ പറ്റുന്നവർ വാമനപുരം മണ്ഡലത്തിൽ ഇല്ല

**5.കേരള  കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിയമസഭാമണ്ഡലം തിരിച്ചോ പഞ്ചായത്ത് തിരിച്ചോ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം സൂക്ഷിക്കുന്നില്ല. തിരുവനന്തപുരം ജില്ലയിൽ 2025 ഫെബ്രുവരി മാസത്തിൽ (2023 ഒക്ടോബർ മാസത്തെ പെൻഷൻ ) വിതരണം ചെയ്ത ഇനത്തിൽ ആകെ 68,391 ഗുണഭോക്താക്കൾക്ക 10,88,92,400/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**6.കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കശുവണ്ടി തൊഴിലാളി ക്ഷേമ നിധി ബോർഡിൽ നിന്നും വാമനപുരം മണ്ഡലത്തിൽ 525 പേർക്ക് പെൻഷൻ നൽകുന്നുണ്ട്. ആയതിനു പ്രതിമാസം 8,40,000 രൂപ ചെലവാകുന്നുണ്ട്. പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| **പഞ്ചായത്ത്** | **പെൻഷണറുടെ എണ്ണം** | **തുക** |
|---|---|---|
| കല്ലറ | 426 | 6,81,600 |
| വാമനപുരം | 94 | 1,50,400 |
| ആനാട് | 4 | 6,400 |
| നെല്ലനാട് | 1 | 1,600 |
| **ആകെ** | **525** | **8,40,000** |

**7.കേരള  ഷോപ്പ്സ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള  ഷോപ്പ്സ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമ നിധി ബോർഡിൽ നിന്ന് ആകെ 8 പേർക്ക് പ്രതിമാസം 12,800/- രൂപ പെൻഷൻ അനുവദിച്ച് വരുന്നു.

| **പഞ്ചായത്ത്** | **പെൻഷണറുടെ എണ്ണം** | **തുക** |
|---|---|---|
| ആനാട് | 3 | 4800 |
| കല്ലറ | 2 | 3200 |
| പനവൂർ | 1 | 1600 |
| വാമനപുരം | 2 | 3200 |
| **ആകെ** | **8** | **12,800/-** |

**8.കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമ നിധി ബോർഡ്**

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ നിയമസഭാമണ്ഡലം തിരിച്ചോ പഞ്ചായത്ത് തിരിച്ചോ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം സൂക്ഷിക്കുന്നില്ല. തിരുവനന്തപുരം ജില്ലയിൽ 2025 ഫെബ്രുവരിയിൽ ആകെ **255** ഗുണഭോക്താക്കൾക്ക **4,08,000** രൂപ ചെലവഴിച്ചിട്ടുണ്ട്.

**9.കേരള കൈത്തറി തൊഴിലാളി ക്ഷേമ നിധി ബോർഡ്**

വാമനപുരം നിയമ സഭാ മണ്ഡലത്തിൽ ആകെ 105 ഗുണഭോക്താക്കൾക്ക് 1,68,000/- രൂപ പ്രതിമാസം പെൻഷൻ ഇനത്തിൽ അനുവദിച്ച് വരുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | പെൻഷണറുടെ എണ്ണം | തുക |
|---|---|---|
| വാമനപുരം | 75 | 1,20,000/- |
| നന്ദിയോട് | 30 | 48,000/- |
| **ആകെ** | **105** | **1,68,000/-** |

**10.കേരള  ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ നിധി ബോർഡ്**

വാമനപുരം നിയമസഭാ മണ്ഡലത്തിൽ ആകെ 7 ഗുണഭോക്താക്കൾക്ക് 11,200/- രൂപ പ്രതിമാസം പെൻഷൻ ഇനത്തിൽ അനുവദിച്ച് വരുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| പഞ്ചായത്ത് | പെൻഷണറുടെ എണ്ണം | തുക |
|---|---|---|
| ആനാട് | 1 | 1600 |
| കല്ലറ | 1 | 1600 |
| നന്ദിയോട് | 1 | 1600 |
| പനവൂർ | 4 | 6400 |
| **ആകെ** | **7** | **11,200** |

**11.കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്**

വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി ബോർഡിൽ നിന്നും വിതരണം ചെയ്യുന്ന പെൻഷൻ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | തൊഴിലാളി പെൻഷൻ എണ്ണം | തുക | കുടുംബ പെൻഷൻ | തുക |
|---|---|---|---|---|
| പനവൂർ | 1 | 4,000 | - | - |
| പാങ്ങോട് | 1 | 5,000 | 1 | 1200 |
| ആനാട് | 4 | 12,500 | 1 | 1100 |
| നന്ദിയോട് | 5 | 18,000 | 2 | 2200 |
| നെല്ലനാട് | 2 | 6,000 | - | - |
| പെരിങ്ങമല | 1 | 3,000 | - | - |
| **ആകെ** | **14** | **48500** | **4** | **4500** |

## 12.കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ പെൻഷൻ പദ്ധതി നിലവിലില്ല.

## 13. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | പെൻഷണേഴ്സിന്റെ എണ്ണം | തുക (പ്രതിമാസം) |
|---|---|---|
| ആനാട് | 15 | 43,575 |
| നന്ദിയോട് | 3 | 11,100 |
| പനവൂർ | 2 | 7600 |
| വാമനപുരം | 4 | 17,550 |
| പുല്ലമ്പാറ | 7 | 14,850 |
| കല്ലറ | 6 | 17,150 |
| പാങ്ങോട് | 1 | 2350 |
| പെരിങ്ങമല | 1 | 2200 |
| നെല്ലനാട് | 0 | 0 |
| **ആകെ** | **39** | **1,16,375** |

## 14.കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ചുമട്ടു തൊഴിലാളി ക്ഷേമ നിധി ബോർഡിലെ അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ പെൻഷൻ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | പെൻഷണറുടെ എണ്ണം | തുക |
|---|---|---|
| കല്ലറ | 19 | 48,110 |
| വാമനപുരം | 5 | 12,010 |
| പെരിങ്ങമല | 12 | 25,020 |
| നെല്ലനാട് | 22 | 62,980 |
| നന്ദിയോട് | 5 | 9630 |
| ഭരതന്നൂർ | 16 | 26,660 |
| ആനാട് | 18 | 30,320 |
| **ആകെ** | **97** | **2,14,730** |

**<u>15.കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വാമനപുരം മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളില്ല.

**<u>16.കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സോഫ്റ്റ് വെയർ പ്രകാരം വാമനപുരം മണ്ഡലത്തിലെ 460 പേർക്ക് ക്ഷേമനിധി പെൻഷൻ ലഭിക്കുന്നുണ്ട്. ആയതിനു ആകെ 7,36,000 രൂപ ചെലവഴിക്കുന്നുണ്ട്. പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമല്ല.